ദേശീയ ഗെയിംസ്

306 (2135) ശ്രീ. സി. കെ. നാണു :

ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

35-ാം ദേശീയ ഗെയിംസിനായി നവീകരിച്ച/നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ താൽക്കാലിക പരിപാലനച്ചുമതല വിവിധ ഏജൻസികളെ ഏൽപ്പിച്ച് പൂറപ്പെടുവിച്ച് സർക്കാർ ഉത്തരവുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഒരു ലെഗസി പ്ലാൻ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് തയ്യാറാക്കിവരുന്നു.

ദേശീയ ഗെയിംസ് ചെലവ്

307 (2136) ശ്രീമതി കെ. കെ. ലതിക :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. ദാസൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തിയ ചെലവുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആകെ ചെലവു വന്ന തുകയ്ക്ക് മുഴുവൻ പരിശോധന നടത്താൻ ഓഡിറ്റ് വകുപ്പിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ; ഇനി പരിശോധിക്കാനുള്ള തുക എത്ര ; വിശദമാക്കുമോ ;

(സി) ആഗോള ടെണ്ടറുകൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധന നടത്തിയിരുന്നോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര ദിവസത്തിനകം പരിശോധന പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; അതനുസരിച്ച് പൂർത്തിയാക്കാനായോ ; ഇല്ലെങ്കിൽ കാരണമെന്ത് ; റിപ്പോർട്ട് എപ്പോഴാണ് കിട്ടിയത് ; വിശദമാക്കുമോ ;

(ഇ) ഏതെങ്കിലും മത്സര ഇനങ്ങളുടെ സ്റ്റാർട്ടിംഗ് പോയിന്റിനായി സ്വകാര്യ ഭൂമി സർക്കാർ ചെലവിൽ നികത്തിയതായി റിപ്പോർട്ടിൽ പരാമർശമുണ്ടോ ; വിശദമാക്കുമോ ;

(എഫ്) ഉദ്ഘാടന-സമാപന ചടങ്ങുകളുടെ ചെലവുകൾക്കായി നിശ്ചയിച്ചിരുന്നതിനേക്കാൾ കൂടുതൽ തുക ചെലവായതു സംബന്ധിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്താണ് ;

(ജി) ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മാണത്തിനായി കാര്യവട്ടം യൂണിവേഴ്സിറ്റി സ്റ്റേഡിയം ഏറ്റെടുത്തപ്പോൾ യൂണിവേഴ്സിറ്റിയുമായി ഉണ്ടാക്കിയിരുന്ന വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു ; പ്രസ്തുത വ്യവസ്ഥകൾ പ്രകാരമുള്ള തുക ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; പ്രസ്തുത നടപടി സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ പ്രതികൂല പരാമർശം എന്തായിരുന്നു ?

ഉത്തരം

(എ) 35-ാം ദേശീയ ഗെയിംസിന്റെ 15-3-2008 മുതൽ 31-3-2015 വരെയുള്ള വരവ് ചെലവു കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് 25-2-2015 മുതൽ 23-5-2015 വരെ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ ഗെയിംസിന്റെ 2009-10 മുതൽ 2014-15 വരെയുള്ള കണക്കുകളും രജിസ്റ്ററുകളും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിനും വിധേയമാക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ആഡിറ്റ് റിപ്പോർട്ട് 30-9-2015-നും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് 8-10-2015-നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് നൽകിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. 31-3-2015 വരെയുള്ള കണക്കുകൾ മാത്രമാണ് ഓഡിറ്റ് വകുപ്പ് പരിശോധിച്ചിട്ടുള്ളത്. 31-3-2015 -വരെ ദേശീയ ഗെയിംസ് നടത്തിപ്പിനായി 400.90 കോടി രൂപയും റോഡ് നവീകരണത്തിനായി 20 കോടി രൂപയും മാത്രമാണ് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിരുന്നത്. ഗെയിംസ് സമാപിച്ചതിനുശേഷം അനുവദിക്കപ്പെട്ട 85.94 കോടി രൂപയുടെ ചെലവ് ആഡിറ്റിന് വിധേയമാക്കിയിട്ടില്ല.

(സി) ആഗോള ടെണ്ടറുകൾ സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പും അക്കൗണ്ടന്റ് ജനറലും പരിശോധിച്ചിട്ടുണ്ട്.

(ഡി) ദേശീയ ഗെയിംസ് അവസാനിച്ച് 45 ദിവസത്തിനുള്ളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനാണ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നത്. പിന്നീട് ആഡിറ്റ് വകുപ്പിന്റെ ആവശ്യപ്രകാരം 45 ദിവസം കൂടി നീട്ടിനൽകുകയുണ്ടായി. നിശ്ചിത ദിവസത്തിനുള്ളിൽ ആഡിറ്റ് പൂർത്തിയാക്കുകയും 30-5-2015-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇത്തരം പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ ഇല്ല എന്ന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നതേയുള്ളൂ.

(എഫ്) ഉദ്ഘാടന സമാപന ചടങ്ങുകൾക്കായി കൂടുതൽ തുക ചെലവായത് സംബന്ധിച്ച് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമില്ല എന്ന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ജി) യൂണിവേഴ്സിറ്റിയുമായി ഉണ്ടാക്കിയ ധാരണ പത്രത്തിന്റേയും വാടക ചീട്ടിന്റേയും പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. 2012, 2013 വർഷങ്ങളിലെ പാട്ടത്തുക നൽകിയിട്ടുണ്ട്. പാട്ടത്തുക ദേശീയ ഗെയിംസിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2015 വർഷത്തെ പാട്ടത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാട്ടത്തുക നൽകാത്തത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പ്രതികൂല പരാമർശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly